കാര്യക്ഷമമായ പോലീസ് കമ്മീഷണറേറ്റ്

22 (*742) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച പോലീസ് കമ്മീഷണറേറ്റ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ജനസംഖ്യയിൽ താരതമ്യേന മുൻപന്തിയിൽ നിൽക്കുന്നതും, വളരെ കൂടുതൽ ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുന്നതുമായ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ മെട്രോ പൊളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിന് കേരളാ പോലീസ് ആക്ട് 2011-ലെ സെക്ഷൻ 15 (2), 15 (3) & 15 (4) എന്നിവയുടെ അടിസ്ഥാനത്തിൽ 29-1-2013-ലെ ജി.ഒ. (എം.എസ്) നമ്പർ 29/2013/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ ക്രമസമാധാന പ്രശ്നങ്ങൾ കൂടുതൽ വൈദഗ്ദ്ധ്യത്തോടെയും ഉത്തരവാദിത്വത്തോടെയും അധികാരത്തോടെയും ഫലപ്രദമായി കൈകാര്യം ചെയ്യുക, പ്രസ്തുത നഗരങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുക, ട്രാഫിക് പരിപാലനം സുഗമമാക്കുക എന്നിവയാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പോലീസ് കമ്മീഷണറേറ്റ് സംവിധാനം നടപ്പിലാക്കുന്ന നഗരങ്ങളിൽ മെഗാസിറ്റി പോലീസിംഗിന്റെ ഭാഗമായി കേന്ദ്ര സഹായം അനുവദിക്കുന്നുണ്ട്.

(ഡി) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ കമ്മീഷണറേറ്റ് സംവിധാനം നടപ്പിലാക്കുന്നതിനായി പ്രസ്തുത നഗരങ്ങളെ മെട്രോ പൊളിറ്റൻ പ്രദേശമായി പ്രഖ്യാപിക്കുകയും അവിടത്തെ പോലീസ് കമ്മീഷണർമാരുടെ അധികാരം നിശ്ചയിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനായുള്ള നിയമസാധ്യതയും മറ്റും സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly